**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3288** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി കയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ദേവികുളം താലൂക്കിലെ വെള്ളത്തൂവൽ വില്ലേജിൽ പ്രവർത്തിക്കുന്ന ആനവിരട്ടി ഗവ. എൽ.പി. സ്കൂളിന്റെ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറുന്നതിനാൽ സ്കൂളിന്റെ ഭൂമി അളന്ന് തിട്ടപ്പെടുത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ലഭിച്ചിട്ടുണ്ട്. ആനവിരട്ടി ഗവ.എൽ.പി. സ്കൂളിന്റെ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനായി സ്കൂൾ ഹെഡ്മിസ്ട്രസ്സ് 23.02.2021 ൽ അപേക്ഷ നൽകിയിരുന്നു. |
| (ബി) | ഭൂമി അളന്ന് തിട്ടപ്പെടുത്തി വിഷയം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ദേവികുളം താലൂക്ക് സർവ്വേയർ 10.09.2021 ൽ സ്ഥല പരിശോധന നടത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയതിൽ സ്കൂൾവക സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് പ്രസ്തുത സ്ഥലം സ്കൂളിന് കൈമാറിയതായുള്ള രേഖകൾ പരിശോധിക്കേണ്ടതുള്ളതിനാൽ ആയത് ഹാജരാക്കുന്നതിന് 10.09.2021, 14.01.2022 തീയതികളിൽ സ്കൂൾ ഹെഡ്മിസ്ട്രസ്സിനും, പി.ടി.എ പ്രസിഡന്റിനും ദേവികുളം തഹസീൽദാർ കത്ത് നൽകിയിരുന്നു. രേഖകൾ ഹാജരാക്കാത്തതിനാൽ സ്കൂൾ സ്ഥലം അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ